



# ഓർമ്മകളിലെ മുത്തച്ഛൻ

ഇ. അനുപമ, എം.എഡ്.

(ഇന്നും ഏറെ പ്രസക്തിയുള്ള കവിയത്രെ ഇടശ്ശേരി. ആ കവിത ശരിയ്ക്കും ഇഴ പേർക്കാനുള്ള യത്നങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിയ്ക്കുന്നു. എന്നാൽ ഇവിടെ ഇഴപേർക്കുന്നത് ആ കവിതയല്ല. മുത്തച്ഛൻ എന്ന നിലയിൽ ഇടശ്ശേരി പേരക്കുട്ടി യിൽ ചൊരിഞ്ഞ മമതയാണ്. ആ വ്യക്തിത്വത്തിലേയ്ക്ക് ഒരുൾക്കാഴ്ച അങ്ങിനെ വീണുകിട്ടുന്നു. - പ്രഫ. കെ.പി. ശങ്കരൻ.)

കവിയായ ഇടശ്ശേരിയെക്കുറിച്ചുള്ളതല്ല, ജീവിതത്തിലെ ആദ്യത്തെ ഏഴു വർഷം സ്നേഹം നിറച്ചുതന്ന മുത്തച്ഛനെക്കുറിച്ചുള്ള ഓർമ്മകളാണ് അവ്യക്തമായി ഇപ്പോൾ എന്റെ മനസ്സിൽ വിരിയുന്നത്. പൊന്നാനിയിലെ നാട്ടിൻപുറത്ത് പുത്തില്ലത്തു വീട്ടിൽ അവധിക്കാലങ്ങളിൽ ഞങ്ങളെയും കാത്തിരിയ്ക്കുന്ന മുത്തച്ഛനും അമ്മമ്മയും. ബാംഗളൂരിൽനിന്ന് നാട്ടിലേയ്ക്കുള്ള പോക്ക് എനിയ്ക്കും അനിയനും ഉത്സാഹമായിരുന്നു. മുത്തച്ഛന്റെ മനസ്സുപോലെ ശാന്തവും വിശാലവുമായ ആ അന്തരീക്ഷം ഒരിയ്ക്കലും മറക്കാനാവില്ല.

പൂമുഖത്തുനിന്ന് അലയടിയ്ക്കുന്ന കവിതാശകലങ്ങൾ കേട്ടുകൊണ്ടാണ് ആ ദിവസങ്ങൾ പുലരുന്നത്. മുത്തച്ഛനും മുത്തച്ഛനെ കാണാൻ വരുന്ന സന്ദർശകരും ഉമ്മറത്തിണ്ണയിലും കസേരയിലും ഇരിയ്ക്കുന്നുണ്ടാവും. കവിതകളും ചർച്ചകളും, നാട്ടുപ്രശ്നങ്ങളുമായി സംഭാഷണങ്ങൾ മണിക്കൂറുകൾ നീളും. അങ്ങിനെ പി.സി.മാമയും (ഉറൂബ്), കടവനാടമ്മാവനും, അക്കിത്തമ്മാമയും മറ്റും എനിയ്ക്ക് പരിചയമുള്ള മുഖങ്ങളായി തീർന്നു.

ആ സന്ദർശനം കഴിഞ്ഞാൽ മുത്തച്ഛൻ കോടതിയിലേയ്ക്കു പോകാനുള്ള ഒരുക്കമായി. പുറത്തിറങ്ങുമ്പോൾ മുത്തച്ഛന് ബാഗും ആ കാലൻ കുടയും എടുത്തുകൊടുക്കുന്ന ജോലി എന്റേതാണ്. അത് മറ്റാരും ചെയ്യാൻ ഞാൻ സമ്മതിയ്ക്കാറില്ല. മുറ്റത്തിറങ്ങിയാൽ തിരിഞ്ഞുനിന്ന് ഉപദേശമാണ്. പറമ്പിൽ കളിച്ചുനടക്കരുത്, വെയിലു കൊള്ളരുത്, കുളത്തിനടുത്ത് പോകരുത്.......

വൈകുന്നേരം കളികൾക്കിടയിലും എന്റെ ശ്രദ്ധ മുത്തച്ഛൻ വരുന്നുണ്ടോ എന്നാണ്. ആ പഴഞ്ചൻ കുടയും കുത്തി മുത്തച്ഛൻ ദൂരെ പ്രത്യക്ഷപ്പെട്ടാൽ, മുത്തച്ഛന്റെ കയ്യിൽ കാണുന്ന പൊതി വാങ്ങാനായി ഞാനും അനിയനും ഓട്ടമാണ്. സ്വാഭാവികമായി അപ്പോൾ ഉണ്ടാകുന്ന കൊച്ചു വഴക്കുകൾ വാത്സല്യത്തോടെ അദ്ദേഹം തീർത്തു തരും.

പുത്തില്ലത്ത് വീട്ടിന് വിശാലമായ പറമ്പുണ്ട്. കോടതിയിൽ നിന്നു വന്നാൽ ബനിയനും ഖദർ മുണ്ടും ഇടത്തെ തോളിൽ തോർത്തുമായി മുത്തച്ഛൻ പറമ്പിലൂടെ നടക്കും. ചിലപ്പോൾ കൂടെ പ്രിയപ്പെട്ട നന്ദിനിപ്പശുവുമുണ്ടാവും. ആ സമയത്ത് മുത്തച്ഛനോട് വർത്തമാനം പറഞ്ഞ് കഥയും കേട്ടു നടക്കാൻ ഞങ്ങൾക്കിഷ്ടമായിരുന്നു.

ഉമ്മറത്തോട് ചേർന്നതാണ് മുത്തച്ഛന്റെ പുസ്തകമുറി. അവിടെ പുസ്തകങ്ങളുടേയും മാസികകളുടേയും നടുവിൽ എഴുത്തു പലകയിൽ കയ്യും വച്ച് എഴുതുന്ന മുത്തച്ഛന്റെ ചിത്രം ഇന്നും മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു. മുത്തച്ഛന്റെ ഡയറിയിൽ ചിത്രം വരച്ചിടുന്നതിലായിരുന്നു എനിക്കേറെ താൽപര്യം. മുത്തച്ഛന്റെ പലേ പുസ്തകങ്ങളും എന്റെ വിചിത്രമായ കൈവേലകളാൽ അലംകൃതമാണ്. എന്നാൽപ്പോലും അദ്ദേഹം അതിനെതിരെ ശബ്ദമുയർത്തിയതേയില്ല. സന്ധ്യയ്ക്ക് റേഡിയോവിലൂടെ വരുന്ന പാട്ടിനൊത്ത് ഞാൻ താളം ചവിട്ടുന്നത് വീട്ടിലെല്ലാവരും കണ്ടിരിയ്ക്കണമെന്ന് എനിയ്ക്ക് നിർബ്ബന്ധമാണ്. ഞാൻ കളിയ്ക്കുന്നതിനിടയ്ക്ക് ആരെങ്കിലും എഴുന്നേറ്റാൽ മുത്തച്ഛൻ അവരെ നിർബ്ബന്ധിച്ചിരുത്തി എന്നെ പ്രോത്സാഹിപ്പിയ്ക്കാറുണ്ടായിരുന്നു.

മുത്തച്ഛൻ മരിയ്ക്കുന്നതിനു കുറച്ചു മാസം മുമ്പ് നാട്ടിൽ പോയപ്പോൾ ഉണ്ടായ ഒരു ചെറിയ സംഭവം എന്നെ ഇപ്പോഴും വിഷമിപ്പിയ്ക്കാറുണ്ട്. വീടിന്റെ പടിഞ്ഞാറു ഭാഗത്തായി ഒരു കുളമുണ്ട്. അവിടെനിന്നും പറമ്പു നനയ്ക്കാൻ ഒരു മോട്ടോർ പമ്പും ഘടിപ്പിച്ചിരുന്നു. ഇടത്തു ഭാഗത്തെ വാക മരത്തിൽനിന്ന് പൂക്കൾ അവിടെ പരവതാനി വിരിച്ചിരിയ്ക്കും. അല്പം നീങ്ങി നിൽക്കുന്ന മുളംകൂട്ടം ഇളംതെന്നലിനൊത്ത് മുളിപ്പാട്ടു പാടുന്നുണ്ടായിരിയ്ക്കും........ ഞങ്ങളെ സംബന്ധിച്ചേടത്തോളം ഏറ്റവും സന്തോഷമായിരുന്നു കുളത്തിൽ കളിയ്ക്കാൻ കിട്ടുന്ന സന്ദർഭങ്ങൾ. അന്നും മണിക്കൂറുകളോളം വെള്ളത്തിൽ കളിച്ചപ്പോൾ കയറാൻ മുത്തച്ഛൻ പറഞ്ഞു. എന്നിട്ടും കുലുക്കമില്ലാതെ ഞാൻ കളി തുടർന്നു. അവസാനം മുത്തച്ഛന്റെ ക്ഷമ കെട്ടു. ഒരു വടിയുമായി അദ്ദേഹം



**ഓർമ്മകളിലെ മുത്തച്ഛൻ**

ഇ. അനുപമ,
എം.എഡ്.



എന്റെ മുമ്പിൽ വന്നു. ഞാനാ ഭീഷണി ശ്രദ്ധിച്ചില്ല. രംഗം കാണാൻ വീട്ടിൽനിന്ന് എല്ലാവരും എത്തി. അതിനാൽ തോറ്റു കൊടുക്കുന്ന പ്രശ്നമേയില്ലെന്ന് ഞാൻ കരുതി. പക്ഷെ അടി കിട്ടുമെന്ന നില വന്നപ്പോൾ ഞാൻ മെല്ലെ കയറി. നോക്കി നിന്നവരുടെ ചിരി കണ്ടപ്പോൾ എനിയ്ക്ക് ദേഷ്യവും സങ്കടവും സഹിക്കാനായില്ല. പെട്ടെന്ന് ഞാൻ മുത്തച്ഛന്റെ കയ്യിൽ നിന്നും വടി തട്ടിപ്പറിച്ച് മുത്തച്ഛനെ അടിയ്ക്കാനോങ്ങി. അതു കണ്ട് അമ്മ ഓടിവന്ന് ദേഷ്യപ്പെട്ട് വടി വാങ്ങി ദൂരെ എറിഞ്ഞു. ഒന്നും മിണ്ടാതെ ഞാൻ അമ്മയുടെ പിറകെ വീട്ടിലേയ്ക്കു നടന്നു. അല്പ സമയം കഴിഞ്ഞ് തല തോർത്തിയോ എന്നന്വേഷിച്ച് മുത്തച്ഛൻ എന്റെ അടുത്തു വന്നു. തല തോർത്തി രാസ്നാദിപ്പൊടി തിരുമ്പിത്തന്നു. നെറുകയിൽ ഉമ്മ വെച്ച് സാരമില്ലെന്ന് ആശ്വസിപ്പിച്ചു. ഞാൻ ചെയ്ത തെറ്റോർത്ത് എനിയ്ക്ക് സങ്കടം സഹിയ്ക്കാനായില്ല. സ്നേഹനിധിയായ മുത്തച്ഛന്റെ ആശ്വസിപ്പിയ്ക്കലും തലോടലും ഇന്നും ഞാൻ അനുഭവിയ്ക്കുന്നു.

ഓർമ്മയുടെ മങ്ങിയ ചില്ലകൾ എങ്ങോ മറഞ്ഞുകിടക്കുന്നു. ആ താരാട്ടു പാട്ടുകളും കവിതകളും മനസ്സിന്റെ ഈണമായി മാറുന്നു. മുത്തച്ഛന്റെ സ്വരം ഇന്നും എനിയ്ക്കു ചുറ്റും കേൾക്കുന്നു.

Regional College of Education, Mysore
College Magazine "Venture" 1990-91